(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ ഹൈഡ്രോളജിക്കൽ റിവ്യൂ പഠനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ഡാമുകൾക്ക് ഭീഷണി ഉണ്ടാകുകയാണെങ്കിൽ വിദഗ്ദ്ധ സമിതിയുടെ സേവനം തേടുന്നതാണ്.

(സി&ഡി) ഡൽഹി ഐ.ഐ.ടി. മുല്ലപ്പെരിയാർ ഡാമിന്റെ Probable Maximum Flood Estimation and Routing study നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള PMF Value(2.91 lakh cusecs) CWC estimate ചെയ്തിട്ടുള്ള PMF Value യിനെ(2.12 lakh cusecs) ക്കാൾ വളരെ അധികമാണ്. അത് ഡാമിന്റെ Safety-യെ ബാധിക്കുന്ന പ്രശ്നമാണ്.

എന്നാൽ പ്രസ്തുത പഠനം നടത്തിയിട്ടുള്ളത് Cloud burst/Climate change എന്ന പ്രതിഭാസം കണക്കിലെടുക്കാതെയാണ് എന്ന് ഡൽഹി ഐ.ഐ.റ്റി.യിലെ പഠനം നടത്തിയ ഡോ. ഗോസയിൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രതിഭാസം കൂടി കണക്കിലെടുത്ത് പുതിയ പഠനം നടത്തുന്നപക്ഷം പി.എം.എഫ് വാല്യൂ വീണ്ടും അധികരിക്കുന്നതായി കാണപ്പെടുകയാണെങ്കിൽ അത് തീർച്ചയായും ഡാമിന്റെ സുരക്ഷക്ക് ഭീഷണി ആയിരിക്കും.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

19(2117) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതോടൊപ്പം തമിഴ്നാടുമായി പുതിയ കരാറും ഉണ്ടാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഇതു സംബന്ധിച്ച ഉന്നതാധികാര സമിതിയിൽ ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ ആവശ്യങ്ങളും നിർദ്ദേശങ്ങളുമാണ് സർക്കാർ ഉന്നത സമിതി മുമ്പാകെ സമർപ്പിച്ചത് എന്ന് വിശദമാക്കുമോ ;

(സി) അണക്കെട്ട് നിർമ്മാണം, കാലാവധി, സാധ്യതാപഠനം എന്നീ വിഷയങ്ങൾ സമിതി മുൻപാകെ അവതരിപ്പിക്കുന്നതിനും, അനുകൂലമായ തീരുമാനം ഉണ്ടാകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ഡാം മുഖേനയുണ്ടാകുന്ന നേട്ടങ്ങൾ കേരളവും, തമിഴ്നാടും പരസ്പരം അംഗീകരിച്ച് ഒപ്പുവയ്ക്കുന്ന കരാറിൻമേലോ അല്ലെങ്കിൽ ബഹു.സുപ്രീംകോടതിയുടെ നീതി പൂർവ്വകാലമായ തീരുമാനത്തിൻമേലോ ആയിരിക്കുമെന്ന്, കേരളം ബഹു. ഉന്നതാധികാര സമിതി മുൻപിൽ സമർപ്പിച്ചിട്ടുണ്ട്. കേരളം നിർമ്മിക്കുന്ന പുതിയ ഡാമിലൂടെ തമിഴ്നാടിന്റെ കാർഷിക താത്പര്യങ്ങൾക്ക് ആവശ്യമായ ജലം ലഭിക്കുന്നതിന് പൂർണ്ണമായ സംരക്ഷണവും, ഉറപ്പും നൽകുന്നതായിരിക്കുമെന്ന് കേരളം ഉന്നതാധികാര സമിതിയെ അറിയിച്ചിട്ടുണ്ട്. പുതിയ ഡാമിന്റെ ഉടമസ്ഥാവകാശവും, പ്രവർത്തനവും അറ്റകുറ്റപ്പണികളും പൂർണ്ണമായും കേരളത്തിന് അവകാശപ്പെട്ടതായിരിക്കും. എന്നാൽ ഡാമിൽ നിന്നുള്ള ജലനിയന്ത്രണം കൈകാര്യം ചെയ്യുന്നത് ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള എഞ്ചിനീയർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് കൈകാര്യം ചെയ്യാമെന്നും ഉന്നതാധികാര സമിതിയെ അറിയിച്ചിട്ടുണ്ട്.

(സി) പുതിയ ഡാമിനുവേണ്ടി സ്ഥലത്തിന്റെ സർവ്വേയും ഇൻവെസ്റ്റിഗേഷനും ഇതിനകം നടത്തി കഴിഞ്ഞു. പുതിയ ഡാമിന്റെ Detaoiled Project Report-ന് വേണ്ടിയുള്ള സ്ട്രക്ച്ചറൽ ഡിസൈനും, ഡ്രോയിംങ്സും ഫുൾ റിസർവോയർ ലെവലിന്റെയും മാക്സിമം വാട്ടർ ലെവലിന്റെയും നിർണ്ണയം ഹൈഡ്രോളജിക്കൽ സ്റ്റഡീസ്, പ്രപ്പറേഷൻ ഓഫ് വർക്കിംഗ് ടേബിൾസ് എന്നിവയും നടത്തിവരികയാണ്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് 2011 ജൂൺ മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ ഡാം കേരളം സ്വന്തം ചെലവിൽ നിർമ്മിക്കും. ഡാം നിർമ്മാണത്തിനുവേണ്ടിയെടുക്കുന്ന നാല് വർഷക്കാലത്തേക്കുള്ള ബഡ്ജറ്റ് വിഹിതവും വകയിരുത്തുന്നതാണ്. കേരള ഗവൺമെന്റ് ആവശ്യമായ അഡ്മിനിസ്ട്രേറ്റീവ് ക്ലിയറൻസ് നല്കും. നിയമപരമായി ആവശ്യമില്ലെങ്കിൽ പോലും കേരള ഗവൺമെന്റ് സി.ഡബ്ല്യു.സിയിൽ ടെക്നിക്കൽ ക്ലിയറൻസിന് വേണ്ടിയുള്ള നടപടിയെടുക്കും. കേരള ഗവൺമെന്റ് എൺവയൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ് റിപ്പോർട്ട് തയ്യാറാക്കി മിനിസ്ട്രി ഓഫ് എൻവയൺമെന്റ് ആന്റ് ഫോറസ്റ്റിൽ, 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെയും 1986-ലെ എൺവയൺമെന്റ് ആക്ടിന്റെയും, 1972-ലെ വന്യജീവി നിയമത്തിന്റേയും അടിസ്ഥാനത്തിൽ വേണ്ട ക്ലിയറൻസിനായി ശ്രമിക്കും. പുതിയ ഡാം നാല് വർഷംകൊണ്ട് പൂർത്തിയാക്കും. കേരളം അതിന്റെ എഴുതി തയ്യാറാക്കിയ സബ്മിഷൻ ബഹു. ഉന്നതാധികാര സമിതി മുമ്പാകെ 29-11-2010-ൽ സമർപ്പിച്ചിട്ടുണ്ട്.

ജലസേചന പദ്ധതികളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ നടപടി

20(2118) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ഏതൊക്കെ ഇടത്തരം ജലസേചന പദ്ധതികളുടെ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly